# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1031 — 07/02/2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന പരിവർത്തിത വികസന കോർപ്പറേഷൻ

**ചോദ്യം** — **മറുപടി**

**ശ്രീ. പി.റ്റി.എ റഹീം**

**ശ്രീ. എ.പി.അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാന പരിവർത്തിത വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; എങ്കിൽ, വിശദമാക്കുമോ ;

(എ) ഉണ്ട്. കോർപ്പറേഷന്റെ പ്രവർത്തനം പ്രതിമാസ മീറ്റിംഗുകളിലൂടെ വിലയിരുത്തുന്നുണ്ട്. വായ്പാ തിരിച്ചടവിന്റെ പുരോഗതിയ്ക്കായി റിക്കവറി സെൽ രൂപീകരിച്ച് പുരോഗതി വിലയിരുത്തുന്നു. ഇതിൻ പ്രകാരം ഈ വർഷം (2012-13) 31.12.12 വരെ 6.19 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. വായ്പ തിരിച്ചടവിനത്തിൽ കോർപ്പറേഷന് മുൻ വർഷം 2.72 കോടി രൂപ ലഭിച്ചപ്പോൾ ഈ വർഷം 31.12.2012 വരെ 2.73 കോടി രൂപ ലഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ ഓഡിറ്റ് 2002-2003 വരെ പൂർത്തീകരിക്കുകയും കുടിശ്ശിക ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയുമാണ്.

(ബി) 2007-2008 മുതൽ 2010-2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത കോർപ്പറേഷൻ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2007-08 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഈ കോർപ്പറേഷനിൽ നിന്നും വിവിധ വായ്പാ പദ്ധതികൾ, വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം, തൊഴിലധിഷ്ഠിത പരിശീലന പരിപാടി, ബോധവത്കരണ പരിപാടി എന്നിവയ്ക്കായി 1857.01 ലക്ഷം രൂപ ലക്ഷ്യവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത കോർപ്പറേഷൻ വഴി എന്തെല്ലാം സാമ്പത്തിക സഹായങ്ങളും, വായ്പയും നൽകിയെന്ന് വ്യക്തമാക്കുമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ കോർപ്പറേഷനിൽ നിന്നും താഴെപ്പറയുന്ന വായ്പാ പദ്ധതികൾ, വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം, തൊഴിലധിഷ്ഠിത പരിശീലന പരിപാടി, ബോധവത്കരണ പരിപാടി എന്നിവയ്ക്കായി 1205.10 ലക്ഷം രൂപ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

<u>വായ്പാ പദ്ധതികൾ</u>

1. കൃഷിഭൂമി വായ്പ
2. ഭവന നിർമ്മാണ വായ്പ
3. ഭവന പുനരുദ്ധാരണ വായ്പ
4. വിവാഹ വായ്പ
5. ഭൂരഹിത ഭവനരഹിത വായ്പ
6. സ്വയം തൊഴിൽ വായ്പ
7. വിദ്യാഭ്യാസ വായ്പ
8. വ്യക്തിഗത വായ്പ

സെക്ഷൻ ഓഫീസർ